**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3014 22.2.2016-ൽ മറുപടിയ്ക്ക്**

**<u>കേരള വെറ്റിനറി സർവ്വകലാശാല നേരിടുന്ന പ്രതിസന്ധി</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)** | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കേരള വെറ്റിനറി സർവ്വകലാശാല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | എ) സർവ്വകലാശാലാ ആസ്ഥാന കാര്യാലയം നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ അത് പരിഹരിച്ച് തരുവാനും, കൂടാതെ വയനാട് വൈത്തിരി താലൂക്കിൽ സർവ്വകലാശാലാ ആസ്ഥാനകാര്യാലയ നിർമ്മാണത്തിനായി സർക്കാർ അനുവദിച്ച തുക ഈ സാമ്പത്തിക വർഷം തന്നെ വിനിയോഗിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ എടുത്തു വരുന്നു.<br>സർവ്വകലാശാല നിലവിൽ വന്നപ്പോൾ ആസ്ഥാന കാര്യാലയ പ്രവർത്തനത്തിന് ആവശ്യമായ 110 അനദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടി എടുത്തു വരുന്നു.<br>കേരള കാർഷിക സർവ്വകലാശാലയുടെ വിഭജനത്തെ തുടർന്ന് പുതുതായി രൂപീകൃതമായ കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാലയിലേക്ക് ഓപ്ഷൻ മുഖാന്തിരം നിയമനം നേടിയ കാർഷിക സർവ്വകലാശാലയിൽ ജോലി ചെയ്തിരുന്ന തൊഴിലാളികളുടെയും , ജീവനക്കാരുടെയും, അദ്ധ്യാപകരുടെയും പ്രോവിഡന്റ് ഫണ്ട് കുടിശ്ശികയും, കാർഷിക സർവ്വകലാശാലയിൽ ജോലി ചെയ്തിരുന്ന കാലയളവിൽ ലഭിക്കേണ്ട കുടിശ്ശിക തുകകളും കൂടി ആകെ 35,15,29,717/- (മുപ്പത്തിഞ്ച് കോടി പതിനഞ്ച് ലക്ഷത്തി ഇരുപത്തൊൻപതിനായിരത്തി എഴുനൂറ്റി പതിനേഴ് രൂപ) ലഭിക്കാനുള്ളതിൽ സർക്കാർ ഉത്തരവ് (ആർ.റ്റി) 1547/15/എ.ഡി തീയതി 15.9.2015 പ്രകാരം 7,32,13,279 രൂപ (ഏഴ് കോടി മുപ്പത്തി രണ്ട് ലക്ഷത്തി പതിമൂന്ന് ആയിരത്തി ഇരുനൂറ്റി എഴുപത്തി ഒൻപത് ) പദ്ധതി ഇതര വിഹിതത്തിലെ ഭാവി |

ഗഡുക്കളിൽ നിന്ന് തിരികെ പിടിക്കുമെന്ന നിബന്ധനയിൽ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ